# കേരള സർവകലാശാല

നം.പി.ആർ.256/2020

## പത്രക്കുറിപ്പ്

### ഒന്നാംവർഷ ബിരുദ പ്രവേശനം 2020 – സ്പോട്ട് അലോട്ട്മെന്റ്
### എസ്.സി./എസ്.ടി., ജനറൽ, മറ്റു സംവരണ വിഭാഗങ്ങൾ എന്നിവർക്കായി
### മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.
### ഡിസംബർ 23 മുതൽ 29 വരെ ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുളള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ/ഐ.എച്ച്.ആർ.ഡി. കോളേജുകൾ, യു.ഐ.ടി.കൾ എന്നിവിടങ്ങളിൽ ഒന്നാംവർഷ ബിരുദ കോഴ്സുകളിലെ ഒഴിവുളള എസ്.സി./എസ്.ടി./ജനറൽ/മറ്റു സംവരണ സീറ്റുകളിലേക്ക് മേഖലാ തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ താൽപര്യമുളള എല്ലാവരും അവരുടെ പ്രൊഫൈലിൽ നിന്ന് ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കേണ്ടതാണ്. ഡിസംബർ 23 ന് വൈകുന്നേരം മുതൽ ഡിസംബർ 29 വരെയാണ് ഓപ്ഷനുകൾ സമർപ്പിക്കാനുളള സമയം. കേന്ദ്രീകൃത അലോട്ട്മെന്റിനായി സമർപ്പിച്ച ഓപ്ഷനുകൾ സ്പോട്ട് അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിന് പുതിയതായി ഓപ്ഷൻ നൽകണം. മുൻപ് നൽകിയ അതേ ഓപ്ഷനുകൾ തന്നെയും വീണ്ടും നൽകാവുന്നതാണ്. പുതിയതായി ഓപ്ഷൻ സമർപ്പിക്കാത്ത ആരെയും യാതൊരു കാരണവശാലും സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

ഡിസംബർ 23 മുതൽ 29 വരെ വിദ്യാർത്ഥികൾ സമർപ്പിച്ച ഓപ്ഷനുകളിൽ നിന്ന് സർവകലാശാല തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റ് ഉപയോഗിച്ചാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കായി മൂന്നു മേഖലകളിലായും ജനറൽ/മറ്റു സംവരണ വിഭാഗങ്ങൾക്കായി നാലു മേഖലകളിലുമായാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്. ഓരോ സ്പോട്ട് അലോട്ട്മെന്റിലും ഓരോ മേഖലകളിൽ ഉൾപ്പെടുന്ന കോളേജുകളുടെ പേരു വിവരം അഡ്മിഷൻ വെബ്സൈറ്റിൽ നൽകുന്നതാണ്. ഡിസംബർ 29 നകം ഓപ്ഷൻ സമർപ്പിച്ചവർ നിശ്ചിത തീയതിയിൽ സ്പോട്ട് അലോട്ട്മെന്റിനായി ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന വേദിയിൽ നേരിട്ട് എത്തണം. രാവിലെ 10 മണിക്ക് തന്നെ അതതു വേദികളിൽ അലോട്ട്മെന്റ് ആരംഭിക്കും. വിദ്യാർത്ഥികൾ സമർപ്പിച്ച ഓപ്ഷനുകൾ പ്രകാരം തയ്യാറാക്കിയ റാങ്ക്ലിസ്റ്റ് അനുസരിച്ച് വിളിക്കുകയാണ് ചെയ്യുന്നത്. പേര് വിളിക്കുമ്പോൾ ഹാജരില്ലാത്തവരെ പിന്നീട് യാതൊരു കാരണവശാലും പരിഗണിക്കില്ല. റാങ്ക്ലിസ്റ്റിലെ അടുത്തയാളെ അഡ്മിഷനു വേണ്ടി പരിഗണിക്കുന്നതാണ്.

**<u>സ്പോട്ട് അലോട്ട്മെന്റിന്റെ തീയതികളും മേഖലകളും:</u>**

**<u>എസ്.സി./എസ്.ടി. സ്പോട്ട് അലോട്ട്മെന്റ് (രാവിലെ 10 മണിക്ക്)</u>**

തിരുവനന്തപുരം മേഖല – 31.12.2020 (കേരളസർവകലാശാല സെനറ്റ് ഹാൾ, പാളയം)

കൊല്ലം മേഖല – 01.01.2021 (എസ്.എൻ. കോളേജ്, കൊല്ലം)

ആലപ്പുഴ മേഖല – 01.01.2021 (സെന്റ്.ജോസഫ്സ് വനിതാ കോളേജ്, ആലപ്പുഴ)

**<u>ജനറൽ/മറ്റു സംവരണ വിഭാഗങ്ങൾക്കായുള്ള സ്പോട്ട് അലോട്ട്മെന്റ് (രാവിലെ 10 മണിക്ക്)</u>**

എസ്.സി./എസ്.ടി. സ്പോട്ട് അലോട്ട്മെന്റിനു ശേഷം ഒഴിവു വരുന്ന സീറ്റുകൾ അർഹരായ മറ്റു വിഭാഗങ്ങളിലേക്ക് നിയമാനുസൃതം മാറ്റി ഈ അലോട്ട്മെന്റിൽ നികത്തുന്നതാണ്.

തിരുവനന്തപുരം മേഖല – 07.01.2021 (കേരളസർവകലാശാല സെനറ്റ് ഹാൾ, പാളയം)

കൊല്ലം മേഖല – 11.01.2021 (എസ്.എൻ. കോളേജ്, കൊല്ലം)

ആലപ്പുഴ മേഖല – 12.01.2021 (സെന്റ്.ജോസഫ്സ് വനിതാ കോളേജ്, ആലപ്പുഴ)

അടൂർ മേഖല – 15.01.2021 (സെന്റ്.സിറിൾസ് കോളേജ്, അടൂർ)

കോളേജുകളിലെ ഓരോ കോഴ്സുകളുടേയും കാറ്റഗറി തിരിച്ചുള്ള ഒഴിവുകളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഒഴിവുകൾ മനസിലാക്കിയ ശേഷം ഓപ്ഷനുകൾ നൽകാൻ ശ്രദ്ധിക്കുക. സൈറ്റിൽ നൽകിയിട്ടുള്ള ഒഴിവുകൾക്ക് പുറമേ, സ്പോട്ട് അലോട്ട്മെന്റ് നടക്കുമ്പോൾ നിലവിൽ അഡ്മിഷൻ ലഭിച്ചവർ പുതിയ അഡ്മിഷൻ നേടി മാറുകയാണെങ്കിൽ അങ്ങനെയുള്ള ഒഴിവുകളും (Arising Vacancies) ഈ അലോട്ട്മെന്റ് നടപടിയിൽ തന്നെ നികത്തുന്നതായിരിക്കും എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. നിലവിൽ ഒഴിവ് കാണിച്ചിട്ടില്ലാത്ത കോഴ്സുകളിലും ഇപ്രകാരം Arising Vacancies ഉണ്ടാവാൻ സാധ്യതയുണ്ട് എന്ന കാര്യം ഓപ്ഷൻ സമർപ്പിക്കുമ്പോൾ വിദ്യാർത്ഥികൾ മനസിലാക്കിയിരിക്കണം.

വിദ്യാർത്ഥികൾക്ക് എത്ര ഓപ്ഷനുകൾ വേണമെങ്കിലും സമർപ്പിക്കാവുന്നതാണ്. ഓൺലൈനായുള്ള അലോട്ട്മെന്റ് അല്ലാത്തതിനാൽ ഓപ്ഷനുകളുടെ പ്രിഫറൻസിന് പ്രാധാന്യമില്ല. താൽപര്യമുള്ള ഓപ്ഷനുകൾ എല്ലാം സമർപ്പിക്കണം എന്നു മാത്രമേയുള്ളൂ. സമർപ്പിക്കുന്ന എല്ലാ ഓപ്ഷനുകളുടേയും റാങ്ക്ലിസ്റ്റിൽ വിദ്യാർത്ഥി ഉൾപ്പെടുന്നതും അവയുടെയെല്ലാം അഡ്മിഷനിലേക്കും പരിഗണിക്കപ്പെടുന്നതുമാണ്. സമർപ്പിച്ച ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യാൻ സാധിക്കില്ല. ഓപ്ഷനുകൾ സമർപ്പിച്ച ശേഷം താൽപര്യമില്ല എന്നു തോന്നുന്നപക്ഷം സ്പോട്ട് അലോട്ട്മെന്റ് നടക്കുമ്പോൾ അത്തരം അലോട്ട്മെന്റ് സ്വീകരിക്കേ ണ്ടതില്ല. സമർപ്പിച്ച മറ്റു ഓപ്ഷനുകളുടെ റാങ്ക്ലിസ്റ്റിൽ അവരെ പരിഗണിക്കും.

നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവർക്കും പുതിയ ഓപ്ഷൻ സമർപ്പിച്ച് സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ അവർ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുത്ത് അഡ്മിഷൻ ഉറപ്പായെങ്കിൽ മാത്രമേ നിലവിൽ അഡ്മിഷൻ എടുത്ത കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും തിരിച്ചു വാങ്ങാൻ പാടുള്ളൂ. അവർ സ്പോട്ട് അലോട്ട്മെന്റിനായി ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട്, കോളേജിലെ തിരിച്ചറിയൽ കാർഡ് എന്നിവ ഹാജരാക്കണം. ഇതുവരെ അഡ്മിഷൻ നേടാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്നവരുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. അലോട്ട്മെന്റ് ലഭിച്ചാൽ ഒടുക്കേണ്ട സർവകലാശാല അഡ്മിഷൻ ഫീസ് (എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 930 രൂപ, ജനറൽ/മറ്റു സംവരണ വിഭാഗങ്ങൾക്ക് 1850 രൂപ) കൈയിൽ കരുതേണ്ടതാണ്. ഇതിനായി സമയം അനുവദിക്കുന്നതല്ല. മുൻപ് സർവകലാശാല അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

സ്പോട്ട് അലോട്ട്മെന്റിൽ ഒരു സീറ്റ് സ്വീകരിച്ചാൽ യാതൊരു കാരണവശാലും അത് മാറ്റി നൽകുന്നതല്ല. സ്പോട്ട് അലോട്ട്മെന്റിൽ ഏതെങ്കിലും ഒരു വിഷയത്തിന് അലോട്ട്മെന്റ് സ്വീകരിച്ചവരെ മറ്റൊരു വിഷയത്തിനായി പരിഗണിക്കില്ല. അലോട്ട്മെന്റ് സ്വീകരിച്ചവർ അപ്പോൾ തന്നെ ഹാൾ വിട്ട് പുറത്തു പോകേണ്ടതാണ്. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് കാണുക.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>സ്പോട്ട് അഡ്മിഷൻ</u>

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക്. കോഴ്സുകളിലെ (ഇ.സി., സി.എസ്., ഐ.ടി.) ഒഴിവുള്ള എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള അഡ്മിഷൻ ഡിസംബർ 23 മുതൽ 31 വരെ കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക്: ംംം.ൗരലസ.ശി/9037119776, 9846332974

കേരളസർവകലാശാല ഫ്യൂച്ചേഴ്സ് സ്റ്റഡീസ് വകുപ്പിൽ എം.ടെക്. ടെക്നോളജി മാനേജ്മെന്റ് (2020-22) ഒഴിവുള്ള സീറ്റുകൾക്കായുള്ള (ജനറൽ - 7, എസ്.സി./എസ്.ടി. -3) സ്പോട്ട് അഡ്മിഷൻ ഡിസംബർ 29 ന് രാവിലെ 11.00 മണിക്ക് കാര്യവട്ടം കേരളസർവകലാശാല ഫ്യൂച്ചേഴ്സ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിൽ വച്ച് നടത്തുന്നതാണ്. താൽപര്യമുള്ളവർ ആവശ്യമായ എല്ലാ രേഖകളും ആവശ്യമായ ഫീസുകളും സഹിതം ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0471 2305321, 9249438722, 9446403562. യോഗ്യത: കേരള സർവകലാശാലയിൽ നിന്ന് 55% മാർക്കിൽ കുറയാതെ നേടിയ എഞ്ചിനീയറിംഗ്/ടെക്നോളജിയുടെ ഏതെങ്കിലും ശാഖയിൽ ബി.ടെക്. ബിരുദം അല്ലെങ്കിൽ തത്തുല്യമായത്.

കേരളസർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് പഠനവിഭാഗത്തിൽ എ.ഐ.സി.ടി.ഇ. അംഗീകാരമുളള എം.ടെക്. കമ്പ്യൂട്ടർ സയൻസിൽ (ഡിജിറ്റൽ ഇമേജ് പ്രോസസിംഗ് സ്പെഷ്യ ലൈസേഷൻ) കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഈഴവ, ബി.പി.എൽ. എസ്.സി., എസ്.ടി., ഒ.ബി.സി., ക്രിസ്ത്യൻ, സ്പോൺസേർഡ് എന്നീ വിഭാഗങ്ങളിലാണ് സീറ്റ് ഒഴിവുളള ത്. താൽപര്യമുളളവർ ഡിസംബർ 29 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി കാര്യവട്ടം ക്യാമ്പസിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 8137806393

കേരളസർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് പഠനവിഭാഗത്തിൽ എം.എസ്.സി. കമ്പ്യൂട്ടർ സയൻസിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റും എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) എസ്.സി./എസ്.ടി. വിഭാഗത്തിൽ രണ്ട് സീറ്റും ഒഴിവുണ്ട്. താൽപര്യമുളളവർ ഡിസംബർ 29 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി കാര്യവട്ടം ക്യാമ്പസിലെ കമ്പ്യൂട്ടർ സയൻസ് വിഭാ ഗത്തിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 8137806393

## ടൈംടേബിൾ

2021 ജനുവരി നടത്തുന്ന ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻഡ് കാറ്ററിംഗ് ടെക്നോളജി കോഴ്സിൻറെ രണ്ട് (2018 സ്കീം റെഗുലർ, ഇംപ്രൂവ്മെൻറ്, 2014 സ്കീം സപ്ലിമെൻററി ) നാല് (2018 സ്കീം റെഗുലർ,2014 സ്കീം ഇംപ്രൂവ്മെൻറ്, സപ്ലിമെൻററി ) സെമസ്റ്റർ ഡിഗ്രീ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

2020 സെപ്റ്റംബർ 24 നടത്തേണ്ടിയിരുന്ന എ.പി.ജി.ഡി.ഇ.സി എഴുത്തുപരീക്ഷ 2020 ഡിസംബർ 31 നും തുടർന്ന് വാചാ പരീക്ഷ 2021 ജനുവരി 4 നും നടത്തുന്നതാണ്. പുന:ക്രമീകരിച്ച ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്

## പി. എച്ച്.ഡി രജിസ്ട്രേഷൻ ജനുവരി 2021

കേരള സർവ്വകലാശാലയുടെ 2021 ജനുവരി 2021 സെഷൻ പി. എച്ച്.ഡി രജിസ്ട്രേഷന് ഒഴിവുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. 2021 ജനുവരി 1 മുതൽ 15 വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. (www.research.keralauniversity.ac.in) വിശദ വിവരങ്ങൾക്ക് റിസർച്ച് പോർട്ടൽ വെബ്സൈറ്റ് സന്ദർശിക്കുക. യൂണിവേഴ്സിറ്റി ടീച്ചിങ് ഡിപ്പാർട്ട്മെൻറ് ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും 2021 ജനുവരി 16-ന് അഞ്ച് മണിക്ക് മുൻപായി കേരള സർവകലാശാല രജിസ്ട്രാറിന് സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ ഫീസ് ഒടുക്കുന്നതിന് ഓൺലൈൻ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.(https://pay.keralauniversity.ac.in)

## പരീക്ഷാ ഫലം

2020 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.ടി.എസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

മൂന്നാം സെമസ്റ്റർ എം.ടെക്ക് (ഫുൾടൈം പാർട്ട് ടൈം) അഞ്ചാം സെമസ്റ്റർ എം.ടെക്ക് ( പാർട്ട് ടൈം-2013 സകീം) സപ്ലിമെൻററി നവംബർ 2019 പരീക്ഷകളുടെ (സിവിൽ എൻജിനീയറിംഗ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം എ മലയാളം പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു ഉത്തര കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് ഉള്ള അവസാന തീയതി 2021 ജനുവരി 6 .വിശദവിവരം വെബ്സൈറ്റിൽ.

തിരുവനന്തപുരം
23.12.2020

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098